മാന്ത്രീക ഏലസ്സുകൾ

വിദേശ രാജ്യങ്ങളിലേക്ക്!

വിവാഹതടസ്സം, സന്താനദോഷം, വിദ്യാതടസ്സം, കുടുംബകലഹം, തൊഴിൽതടസ്സം, കടം, ശനിദോഷം, വ്യാപാരപരാജയം, കേസ്സുവഴക്കുകൾ, അപകടങ്ങൾ ഇവയ്ക്ക് പരിഹാരമായി രഹസ്യവിധികളോടു കൂടിയ അത്ഭുത ശക്തിയുള്ള സ്വയംവരയന്ത്രം, മഹാസുദർശന യന്ത്രം, ത്രിപുരസുന്ദരീയന്ത്രം, സന്താന ഗോപാലയന്ത്രം തുടങ്ങി 300ൽ പരം മാന്ത്രീക ഏലസ്സുകൾ ജ്യോത്സ്യൻ ആറ്റുകാൽ മാധവകൃഷ്ണൻ തയ്യാർ ചെയ്യുന്നു. പ്രശ്നം, ജാതകം, പെരുത്തം, മുഹൂർത്തം ഇവയ്ക്ക് നേരിൽ കാണുക/എഴുതുക

രമാ ജ്യോതിഷാലയം, ആറ്റുകാൽ

മണക്കാട് P.O. തിരുവനന്തപുരം - 9. ഫോൺ: 0471 - 474855

മാതൃഭൂമി

MATHRUBHUMI, THE NATIONAL DAILY IN MALAYALAM

PUBLISHED FROM KOZHIKODE, KOCHI, THIRUVANANTHAPURAM, THRISSUR, KANNUR AND KOTTAYAM

പുസ്തകം 75 ലക്കം 170 Kozhikode Sunday September 7 1997 - കോഴിക്കോട് 1997 സപ്തംബർ 7 ഞായർ പേജ് 24 വില രൂപ 2.85

TWO-WHEELER BOX

Aerostar HELMET ISI

അന്ത്യപ്രണാമം: വെള്ളിയാഴ്ച രാത്രി അന്തരിച്ച മദർ തെരേസയുടെ ഭൗതദേഹത്തിനരികെ കൽക്കത്ത മിഷണറീസ് ഓഫ് ചാരിറ്റിയിലെ സഹപ്രവർത്തകർ. മദറിന്റെ പിൻഗാമി സിസ്റ്റർ നിർമലയാണ് കൂപ്പുകൈയോടെ തൊട്ടു പിറകിൽ

മദറിന്റെ ശവസംസ്കാരം ശനിയാഴ്ച

കൽക്കത്ത: വെള്ളിയാഴ്ച അന്തരിച്ച മദർ തെരേസയുടെ ശവസംസ്കാരം മിഷനറീസ് ഓഫ് ചാരിറ്റിയുടെ ആസ്ഥാനമായ മദർ ഹൗസിൽ സപ്തംബർ 13ന് ശനിയാഴ്ച രാവിലെ 10 മണിക്ക് നടക്കുമെന്ന് സുപ്പീരിയർ ജനറൽ സിസ്റ്റർ നിർമല അറിയിച്ചു. പ്രോട്ടോ കോളിന് വിപരീതമായി എല്ലാ പട്ടാള ബഹുമതികളോടെയുമായിരിക്കും ശവസംസ്കാരം. ശനിയാഴ്ച ഉച്ചയ്ക്ക് ചേർന്ന കേന്ദ്ര മന്ത്രിസഭയുടെ പ്രത്യേക യോഗമാണ് ഇതുസംബന്ധിച്ച തീരുമാനമെടുത്തത്.

മദറിന്റെ ഭൗതദേഹം ശനിയാഴ്ച മദർഹൗസിൽ പൊതു ദർശനത്തിന് കിടത്തിയശേഷം ഞായറാഴ്ച മുതൽ ലൊറെറ്റൊഹൗസിലെ സെന്റ് തോമസ് പള്ളിയിൽ സൂക്ഷിക്കും.

മദറിനോടുള്ള ആദര സൂചകമായി ശനിയാഴ്ച രാജ്യമെങ്ങും ദുഃഖമാചരിച്ചു. ദേശീയപതാകകൾ പാതി താഴ്ത്തിക്കെട്ടി. രാഷ്ട്രപതിഭവനിൽ ശനിയാഴ്ച നടത്തേണ്ടിയിരുന്ന ചായ സല്ക്കാരം റദ്ദാക്കി. രാഷ്ട്രപതി കെ. ആർ. നാരായണനും ദുഃഖാചരണത്തിൽ പങ്കു ചേർന്നു.

മദറിന്റെ ഭൗതദേഹം ദർശിക്കാനായി പ്രധാനമന്ത്രി ഗുജ്റാൾ ഞായറാഴ്ച കൽക്കത്തയിലെത്തും. കേരളത്തിൽ നിന്ന് സെബാസ്റ്റ്യൻ പോൾ എം. പി. കൽക്കത്തയിലെത്തിയിട്ടുണ്ട്.

ഇനിയുള്ള ദിവസങ്ങളിൽ വിവിധ ലോകരാഷ്ട്രങ്ങളിൽനിന്ന് പല പ്രമുഖരും കൽക്കത്തയിലെത്തുമെന്ന് അറിയുന്നു. ശനിയാഴ്ചതന്നെ നൂറു കണക്കിന് വിദേശ പത്രലേഖകരും ഫോട്ടോഗ്രാഫർമാരും കൽക്കത്തയിലെത്തിക്കഴിഞ്ഞു.

അത്യാസന്ന നില അറിയിച്ചില്ല: ബിഷപ്പ്

കൽക്കത്ത: മദർ തെരേസ അത്യാസന്ന നിലയിലായപ്പോഴും തന്നെ വിവരമറിയിച്ചില്ലെന്ന് അവരുടെ ഹൃദ്രോഗ ചികിത്സകൻ ഡോ. തരുൺ പ്രഹരാജ് പരാതിപ്പെട്ടു.

മദറിന് രണ്ടുതവണ ആൻജിയോപ്ലാസ്റ്റി നടത്തിയ ഡോ. പടീഷ്യാ ഔബ്രിനലിന്റെ സഹായിയായിരുന്നു ഡോ. തരുൺ. മദറിന്റെ നില മോശമായകാര്യം മിഷനറീസ് ഓഫ് ചാരിറ്റി അറിയിച്ചില്ല. മരണവാർത്തയാണ് അറിഞ്ഞത്. അതും ബിഷപ്പ് സ് ഹൗസിൽനിന്ന്—അദ്ദേഹം പറഞ്ഞു.

നെഞ്ചിലെ അസുഖത്തിന് അവർക്ക് രണ്ടാഴ്ചമുമ്പ് താൻ ആൻറിബയോട്ടിക്സ് നല്കിയിരുന്നുവെന്ന് ഡോ. തരുൺ പറഞ്ഞു.

മദറിനെ വിശുദ്ധയായി പ്രഖ്യാപിച്ചേക്കും

വത്തിക്കാൻ: അശരണർക്കും നിസ്വർക്കുംവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച മദർ തെരേസയെ 'ജീവിച്ചിരിക്കുന്ന വിശുദ്ധ'യായാണ് പലരും കരുതിപ്പോന്നത്. കഴിഞ്ഞദിവസം ആ ദീപം അണഞ്ഞതോടെ വിശുദ്ധയായി പ്രഖ്യാപിക്കാൻ റോമൻ കത്തോലിക്കൻ സഭയ്ക്ക് ഏറ്റവും അനുയോജ്യയായ വ്യക്തിയായി അവർ.

മുമ്പൊരിക്കൽ മദർ വത്തിക്കാനിലെ ഭവനരഹിതരെപ്പറ്റി ചോദിച്ചു. അവരെ സംരക്ഷിക്കാൻ വത്തിക്കാനിൽ ഒരു സൗകര്യവുമില്ലെന്നറിഞ്ഞ് മദർ ഞെട്ടി. അവർ പോപ്പിനെ പറഞ്ഞ് ബോധ്യപ്പെടുത്തി. ഏതാനും വർഷം മുമ്പ് അവിടെ അനാഥ ശുശ്രൂഷാകേന്ദ്രം ഉയർന്നതങ്ങനെയാണ്.

മദറിനെ വിശുദ്ധയായി പ്രഖ്യാപിക്കുന്നതിന്റെ ആദ്യപടിയായി കത്തോലിക്കാ സഭയിൽ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കും. മദറിന്റെ വിശേഷവ്യക്തിത്വം കണക്കിലെടുത്ത് മറ്റ് നടപടിക്രമങ്ങളൊഴിവാക്കി അവരെ നേരിട്ട് വാഴ്ത്തപ്പെട്ടവളാക്കി പ്രഖ്യാപിക്കുകയാവും ചെയ്യുക.

മദർ തെരേസ: കൂടുതൽ ചിത്രങ്ങൾ 15-ാം പേജിൽ

ഇന്നത്തെ പത്രം വാരാന്ത്യപ്പതിപ്പ് അടക്കം 24 പേജാണ്

മദറിന് ലോകത്തിന്റെ ബാഷ്പാഞ്ജലി

സുനിൽ ഞാളിയത്ത്

കൽക്കത്ത: സ്നേഹത്തിനേറെയും കരുണയുടെയും മൂർത്തിമത്ഭാവമായ മദർ തെരേസയ്ക്ക് ലോകം ബാഷ്പാഞ്ജലിയർപ്പിച്ചു. കൽക്കത്ത ആചാര്യ ജഗദീഷ് ചന്ദ്രബോസ് റോഡിലെ 54 എ നമ്പർ കെട്ടിടത്തിന് പുറത്ത് ശനിയാഴ്ച വെളുപ്പിനുതന്നെ ആയിരക്കണക്കിനാളുകൾ തടിച്ചുകൂടി. നഗരത്തിലെ അശരണരായ തെരുവുവാസികൾമുതൽ രാഷ്ട്രനേതാക്കൾവരെ അമ്മയ്ക്ക് അന്ത്യാഭിവാദ്യമർപ്പിക്കാൻ എത്തിയിരുന്നു. ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്ന് അനുശോചനസന്ദേശങ്ങളും പ്രവഹിക്കുകയാണ്.

വെള്ളിയാഴ്ച രാത്രി ഒമ്പതരയോടെ ഹൃദയസ്തംഭനത്തെത്തുടർന്ന് മദർ തെരേസ ദിവംഗതയായ വിവരമറിഞ്ഞ് കൽക്കത്താ നഗരം വിറങ്ങലിച്ചു. പാഞ്ഞെത്തിയ ജനങ്ങളെ നിയന്ത്രിക്കാൻ നിയമപാലകർ കഷ്ടപ്പെട്ടു. ആരാധകർ വാവിട്ടുകരഞ്ഞു. മിഷനറീസ് ഓഫ് ചാരിറ്റിയിലെ കന്യാസ്ത്രീകളും വിതുമ്പി.

മിഷനറീസ് ഓഫ് ചാരിറ്റിയുടെ ആസ്ഥാനമന്ദിരത്തിലെ മുഖ്യ പ്രാർഥനാമുറിയിലാണ് മദറിന്റെ ഭൗതികശരീരം ശനിയാഴ്ച രാത്രിവരെ കിടത്തിയിരുന്നത്. ശനിയാഴ്ച രാവിലെമുതൽ രാജ്യത്തിന്റെ നാനാ ഭാഗത്തുനിന്നും പ്രമുഖർ എത്തിക്കൊണ്ടിരുന്നു. അന്തിമദർശനത്തിനായി എത്തിയവരിൽ മുൻ ബംഗാൾ മുഖ്യമന്ത്രി സിദ്ധാർഥ ശങ്കർ റേ, ബംഗാൾ മുഖ്യമന്ത്രി ജ്യോതിബസു, എ.ഐ.സി.സി. ജനറൽ സെക്രട്ടറി ഓസ്കാർ ഫെർണാണ്ടസ് തുടങ്ങിയ പ്രമുഖർ പെടുന്നു. പൊതുജനങ്ങൾക്ക് ശനിയാഴ്ച ദർശനം അനുവദിച്ചിട്ടില്ല. ഞായറാഴ്ച മാത്രമേ പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിക്കുകയുള്ളൂ.

പത്രപ്രവർത്തകർക്കും ഫോട്ടോഗ്രാഫർമാർക്കുംവരെ കനത്ത നിരോധനം ഏർപ്പെടുത്തിയിരിക്കുകയാണ്. മദർ തെരേസയെ അവസാനമായി ഒരുനോക്കുകാണാൻ മണിക്കൂറുകളോ താണ്ടി ജനങ്ങളും കൽക്കത്തയിലേക്ക് പ്രവഹിച്ചുകൊണ്ടിരിക്കുന്നു.

ബംഗ്ലാദേശിൽ നിന്ന് പറന്നെത്തിയ ഒരാരാധകൻ പാസ്പോർട്ട് കാണിച്ച് പ്രവേശനാനുമതിക്കായി ശ്രമിക്കുന്നത് കാണാമായിരുന്നു. പലരും റീത്തും പൂക്കളും കൈയിലേന്തി കരഞ്ഞുകൊണ്ടാണ് പെരുമഴയത്ത് കാത്തുനിന്നത്.

പ്രധാനമന്ത്രി ഐ.കെ. ഗുജ്റാൾ, സോണിയാഗാന്ധി തുടങ്ങിയവർ ഞായറാഴ്ച എത്താനിടയുള്ളതിനാൽ സുരക്ഷാ സംവിധാനങ്ങളേർപ്പെടുത്തിവരികയാണ്.

ശനിയാഴ്ച രാത്രി പത്തുമണിയോടെ ഭൗതദേഹം മദർ ഹൗസിന് അരികെയുള്ള സെന്റ് തോമസ് ചർച്ചിലേക്ക് മാറ്റി. അവിടെ പൊതുജനങ്ങൾക്ക് അന്ത്യാഞ്ജലി അർപ്പിക്കാൻ സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്.

മദറിന്റെ ചാരിറ്റി കെട്ടിടത്തിലേക്കുള്ള റോഡിന്റെ അരികുകളിൽ പൂക്കാർഡുകളേന്തിയ നൂറുകണക്കിനാൾക്കൂട്ടികം വരിവരിയായി നിൽക്കുന്നുണ്ടായിരുന്നു. 'അമ്മ അനശ്വരയാണ്', 'ലോകം ഇന്ന് അനാഥമായി', 'അമ്മേ, അങ്ങ് എന്നും ഞങ്ങളുടെ ഹൃദയത്തിൽ ജീവിക്കും' എന്നു തുടങ്ങിയ വചനങ്ങളാണ് പൂക്കാർഡുകളിലുണ്ടായിരുന്നത്.

ചാരിറ്റി കെട്ടിടത്തിന്റെ അമ്പതു വാര ചുറ്റളവിൽ പോലീസ് ബാരിക്കേഡുകൾ പണിത് ആളുകളെയും മാധ്യമപ്രവർത്തകരെയും അകറ്റിനിർത്തി.

ദില്ലി: സ്നേഹത്തിനേറെയും കാരുണ്യത്തിനേറെയും മൂർത്തിമത്രൂപമായിരുന്ന മദർ തെരേസയുടെ നിര്യാണത്തിൽ അനുശോചനം പ്രവഹിക്കുകയാണ്. മദറിന്റെ വേർപാടിൽ അഗാധ ദുഃഖം പ്രകടിപ്പിച്ച രാഷ്ട്രപതി കെ. ആർ. നാരായണൻ ശനിയാഴ്ചത്തെ തന്റെ എല്ലാ പരിപാടികളും റദ്ദാക്കി. പ്രധാനമന്ത്രി ഐ.കെ. ഗുജ്റാൾ മദറിന് ആദരാഞ്ജലി അർപ്പിക്കാൻ ഞായറാഴ്ച കൽക്കത്തയിലേക്കു

(ശേഷം 8—ാം പേജ് 7—ാം കോളം)

- ലോകം തേങ്ങുന്നു
- ശവസംസ്കാരം ശനിയാഴ്ച
- മാർപ്പാപ്പ എത്തിയേക്കും
- മദറിനെ വിശുദ്ധയായി പ്രഖ്യാപിച്ചേക്കും

''എനിക്ക് ശ്വാസം കിട്ടുന്നില്ല'' മദറിന്റെ അവസാന വാക്കുകൾ

കൽക്കത്ത: ''എനിക്ക് ശ്വാസം കിട്ടുന്നില്ല''—മദറിന്റെ ഒടുവിലത്തെ വാക്കുകൾ. പാവങ്ങൾക്കുവേണ്ടി ഉഴിഞ്ഞുവെച്ച ആ ജീവിതത്തിന്റെ അന്ത്യദിനമായ വെള്ളിയാഴ്ച അത്താഴത്തിനുശേഷം മദർ ഹൗസിലെ സഹവാസികളായ കന്യാസ്ത്രീകളോട് പറഞ്ഞു—തെല്ലു പ്രയാസപ്പെട്ട് കനത്തു തിരുത്തിക്കൊണ്ട്...

ലളിതമായ അത്താഴത്തിനുശേഷം അമ്മ പത്തു മിനുട്ട് പ്രാർഥിച്ചിരുന്നു—മിഷനറീസ് ഓഫ് ചാരിറ്റിയിലെ കന്യാസ്ത്രീകൾ പറഞ്ഞു. ഉറങ്ങാൻ പോകുന്നതിനുമുൻപ് അമ്മ ശാരീരികാസ്വാസ്ഥ്യത്തെപ്പറ്റി സൂചിപ്പിച്ചു. കുടിക്കാൻ വെള്ളം കൊടുത്തു. ഗ്ലാസ് ചുണ്ടോടടുപ്പിക്കുന്നതിനുമുൻപേ തറയിൽ വീണു. അമ്മ കിടക്കയിലേക്ക് തളർന്നുവീണു. നിലവിളികളുയർന്നു... കന്യാസ്ത്രീകൾ ഓടിച്ചെന്ന് തൊട്ടടുത്ത മുറിയിൽനിന്ന് അമ്മയുടെ പേഴ്സണൽ ഡോക്ടർ ആൽഫ്രഡ് വുഡ്വാർഡിനെ കൂട്ടിക്കൊണ്ടുവന്നു. അദ്ദേഹം അമ്മയുടെ നെഞ്ചു തിരുമ്മിക്കൊടുത്തു. പക്ഷേ, അമ്മ പ്രതികരിച്ചില്ല.

രാത്രി 9.30ന് ആ ജീവിതം പൊലിഞ്ഞു. അല്പദിവസം മുൻപ് അമ്മയ്ക്ക് വയറ്റിൽ അണുബാധയുണ്ടായിരുന്നു. എന്നാൽ വെള്ളിയാഴ്ചയായപ്പോഴേക്കും അത് ഭേദമായിരുന്നു—ഡോക്ടർ ഓർമിച്ചു. സത്യത്തിൽ സ്വന്തം ആരോഗ്യം അമ്മ കണക്കിലെടുക്കാറില്ലായിരുന്നു. ''87 വയസ്സായിട്ടും സ്വന്തം ചികിത്സയ്ക്ക് അമ്മ സമയം കണ്ടെത്തിയിരുന്നില്ല'' —അന്ത്യനിമിഷങ്ങളിൽ അടുത്തുണ്ടായിരുന്ന സന്ന്യാസിനിമാർ വിതുമ്പിക്കൊണ്ട് പറഞ്ഞു.

പ്രകൃതിക്കുപോലും ദുഃഖം

കൽക്കത്ത: അമ്മയുടെ വേർപാടിൽ പ്രകൃതിക്കുപോലും ദുഃഖം. 'മദർ ഹൗസി'ൽ അന്ത്യദർശനത്തിനായി തടിച്ചുകൂടിയവരോടൊപ്പം പ്രകൃതിയും കരഞ്ഞുപോയി.

കോരിച്ചൊരിയുന്ന മഴയത്തും അവർ കാത്തുനിന്നു, കൈയിൽ പൂക്കളും മനസ്സിൽ അമ്മയുടെ മരിക്കാത്ത ഓർമകളുമായി. മദർ തെരേസയുടെ കാരുണ്യവും വാത്സല്യവും ആവോളം ഏറ്റുവാങ്ങിയവരായിരുന്നു അവർ.

'അമ്മേ, അങ്ങ് മരണമില്ലാത്തവരാണ്. അമ്മ എന്നും ഞങ്ങളുടെ ഹൃത്തിലുണ്ടാവും', ലോകം ഇന്ന് നാഥനില്ലാത്തതായിരിക്കുന്നു'—ലെസ്റ്റർ അഗസ്റ്റിൻ സ്കൂളിലെ കുട്ടികം കൈയിലേന്തിയ പൂക്കാർഡുകളിൽ ആദരവിന്റെ പുണ്യാക്ഷരങ്ങൾ.

വിശിഷ്ടാതിഥികൾക്ക് വഴിയൊരുക്കാൻ ഡിൻഗി ലെയിനിന് ഇരുവശവും പോലീസുകാർ തീർത്ത കരവലയത്തിനിപ്പുറം നനഞ്ഞൊലിച്ചുകൊണ്ട് കുട്ടികം കാത്തുനിന്നു.

ഡയാനയ്ക്ക് കണ്ണീരോടെ വിട

ലണ്ടൻ: കാറപകടത്തിൽ അന്തരിച്ച ഡയാന രാജകുമാരിക്ക് ബ്രിട്ടീഷ് സമൂഹം ശനിയാഴ്ച കണ്ണീരിൽ കുതിർന്ന വിട നൽകി. രാവിലെ കെൻസിങ്ടൺ കൊട്ടാരത്തിൽ നിന്നാരംഭിച്ച് അനേകലക്ഷമാളുകം പങ്കുകൊണ്ട അന്ത്യയാത്രയ്ക്കും വെസ്റ്റ്മിനിസ്റ്റർ ആബിയിലെ അന്ത്യ ശുശ്രൂഷയ്ക്കും ശേഷം വൈകുന്നേരം ജന്മനാടായ അൽതോർപ്പിൽ ശവസംസ്കാരം നടന്നതോടെ, ഹൃദയങ്ങളുടെ രാജകുമാരി ഓർമകളിലായി.

ഡയാന രാജകുമാരിയുടെ അന്ത്യയാത്ര ശനിയാഴ്ച രാവിലെ പടിഞ്ഞാറൻ ലണ്ടനിലെ കെൻസിങ്ടൺ കൊട്ടാരത്തിൽ നിന്ന് ആരംഭിക്കുമ്പോഴും ബ്രിട്ടൻ മുഴുക്കെ നിശ്ചലമായി. വിലാപയാത്രയ്ക്കായി മൃതദേഹം ആറു കുതിരകളെ പൂട്ടിയ ഗൺ കാരേജിലേക്ക് എടുത്തുവെക്കുമ്പോഴും ദുഃഖസൂചകമായി പള്ളിമണികം ഇടവിട്ട് മുഴങ്ങി. മഞ്ഞയും മെറൂണും ഇടകലർന്ന ബ്രിട്ടീഷ് രാജകീയ പതാകകൊണ്ട് പുതപ്പിച്ച ഡയാനയുടെ ശവപേടകത്തിനു മീതെ വെളുത്ത ലില്ലിപ്പൂക്കളിൽ തീർത്ത മൂന്ന് പുഷ്പചക്രങ്ങംവെച്ചിരുന്നു. ഒരു പുഷ്പചക്രം ഡയാനയുടെ സഹോദരൻ ഏഴം സ്പെൻസറാണ് അർപ്പിച്ചത്. മറ്റു രണ്ടെണ്ണം മക്കളം വില്യമിന്റെയും ഹാരിയുടേയും വക. കെൻസിങ്ടൺ കൊട്ടാരത്തിൽ നിന്ന് രണ്ടുമണിക്കൂർ നേരമെടുത്താണ് വിലാപയാത്ര വെസ്റ്റ്മിനിസ്റ്റർ ആബിയിലെത്തിയത്.

അന്തരിച്ച പ്രിയപ്പെട്ട രാജകുമാരിക്ക് അന്ത്യയാത്രാമൊഴി അർപ്പിക്കാൻ ദിവസങ്ങംക്കു മുമ്പുതന്നെ ബ്രിട്ടന്റെ നാനാ ഭാഗത്തുനിന്നും വിദേശത്തുനിന്നും അനേകലക്ഷങ്ങം ലണ്ടനിൽഎത്തിയിരുന്നു. ഡയാനയുടെ അന്ത്യയാത്രയ്ക്ക് സാക്ഷ്യം വഹിക്കാൻ അറുപതുലക്ഷം പേരെങ്കിലും ലണ്ടനിലെത്തിയിരുന്നതായി കണക്കാക്കപ്പെടുന്നു. വിലാപയാത്ര ആരംഭിച്ചതോടെ രാജ്യത്തെ ബാങ്കുകളും വ്യവസായ സ്ഥാപനങ്ങളും പ്രവർത്തനം നിർത്തിവെച്ചു. ടെലിവിഷനിലൂടെയെങ്കിലും അന്ത്യയാത്ര കാണാൻ ജനങ്ങം വീടുകളിൽത്തന്നെ കഴിഞ്ഞപ്പോം ലണ്ടനൊഴികെ ബ്രിട്ടനിലെ മറ്റെല്ലാ നഗരങ്ങളും ഗ്രാമങ്ങളും തെരുവുകളും വിജനമായി.

വിലാപയാത്ര കടന്നുപോകുമ്പോം ഗൺ ക്യാരേജിനു മുന്നിലേക്ക് ജനങ്ങം പൂക്കളെറിഞ്ഞുകൊണ്ടിരുന്നു. ദുഃഖം നിയന്ത്രിക്കാനാവാതെ പലരും പൊട്ടിക്കരഞ്ഞു. എങ്കിലും നിശ്ചലൂത പാലിക്കാൻ ജനക്കൂട്ടം പരമാവധി ശ്രമിച്ചു. ഭൗതദേഹം വഹിച്ചുനീങ്ങിയഗൺ ക്യാരേജിനു തൊട്ടു പിന്നിൽ പിതാവ് ചാൾസ് രാജകുമാരനോടൊപ്പം ഡയാനയുടെ മക്കളായ വില്യമും ഹാരിയും നടന്നു. എലിസബത്ത് രാജ്ഞി ബക്കിങ്ഹാം കൊട്ടാരത്തിനു പുറത്തുനിന്ന് തന്റെ മുൻ മരുമകളുടെ വിലാപയാത്ര ദർശിച്ചു. മറ്റ് രാജകുടുംബാംഗങ്ങളും രാജ്ഞിക്കൊപ്പമുണ്ടായിരുന്നു. ആയിരം വർഷം പഴക്കമുള്ള ബ്രിട്ടീഷ് രാജകീയത്വത്തിന്റെപ്രതിനിധികം, തങ്ങളിൽ നിന്ന് വിട്ടകന്നുപോയ ഒരു രാജകുമാരിക്ക് പ്രജകം നൽകിയ സ്നേഹാദരങ്ങംക്കു മുന്നിൽ തലകുനിക്കുന്നതുപോലെ

(ശേഷം 8—ാം പേജ് 7—ാം കോളം)

രാജകുമാരിക്ക് കണ്ണീരോടെ വിട. ഡയാനയുടെ ശവമഞ്ചം രാജകീയ ബഹുമതികളോടെ വെസ്റ്റ്മിനിസ്റ്റർ ആബിയിലേക്ക് കൊണ്ടുപോകുന്നു. വലത്ത്, വിലാപയാത്രയിൽ ചാൾസ് രാജകുമാരൻ, ഇളയമകൻ ഹാരി, ഡയാനയുടെ സഹോദരൻ ഏഴം സ്പെൻസർ, ഡയാനയുടെ മൂത്തമകൻ വില്യം രാജകുമാരൻ, ചാൾസിന്റെ പിതാവ് ഫിലിപ്പ് എന്നിവർ

മന്ത്രി ഇബ്രാഹിം പുറത്താകും?

സപ്തംബർ 13—ന് സംസ്ഥാനത്ത് ദുഃഖാചരണം

ഏൻ. അശോകൻ

തിരുവനന്തപുരം: അന്തരിച്ച മദർ തെരേസയുടെ ഭൗതികാവശിഷ്ടം അടക്കംചെയ്യുന്ന സപ്തംബർ 13 ശനിയാഴ്ച സംസ്ഥാനത്ത് ഔദ്യോഗിക ദുഃഖാചരണം പ്രഖ്യാപിച്ചു. അന്ന് സംസ്ഥാനത്ത് ദേശീയപതാക എല്ലായിടത്തും താഴ്ത്തിക്കെട്ടാനും ഔദ്യോഗിക പരിപാടികം ഒഴിവാക്കാനും തീരുമാനിച്ചതായി മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും അറിയിച്ചു.

ദില്ലി: കേന്ദ്ര മന്ത്രിസഭയുടെ അടുത്ത പുനസ്സംഘടനയിൽ കേന്ദ്ര സിവിൽ വ്യോമയാന വകുപ്പുമന്ത്രി സി. എം. ഇബ്രാഹിമിനെ പുറത്താക്കുകയോ മറ്റേതെങ്കിലും വകുപ്പിലേക്ക് നീക്കുകയോ ചെയ്യേക്കും. പ്രധാനമന്ത്രിയുടെ അമേരിക്കൻ യാത്ര കഴിഞ്ഞയുടനെ മന്ത്രിസഭാ പുനസ്സംഘടന ഉണ്ടാകുമെന്നാണ് അറിയുന്നത്.

സി.എം. ഇബ്രാഹിമിന്റെ പ്രവർത്തനത്തെപ്പറ്റി പ്രധാനമന്ത്രിക്ക് നല്ല മതിപ്പില്ലാ എന്നാണ് തലസ്ഥാനത്ത് കേംക്കുന്നത്. ഈയിടെ വ്യോമയാന വകുപ്പു സംബന്ധിച്ച പ്രധാനപ്പെട്ട കാര്യങ്ങം ചർച്ചചെയ്യാൻ സഹമന്ത്രിയായ ജയന്തി നടരാജനെയാണ് പ്രധാനമന്ത്രി വിളിക്കുന്നതത്രെ. കഴിഞ്ഞ ദിവസം അമേരിക്കൻ അസി. സ്റ്റേറ്റ് സിക്രട്ടറി റിക്ക് ഇൻഡർഫർത്ത് വന്നപ്പോഴും ചർച്ചചെയ്യാൻ ജയന്തി നടരാജനെയാണ് പ്രധാനമന്ത്രി ഏല്പിച്ചത്. സിവിൽ ഏവിയേഷൻ മേഖലയിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണത്തെപ്പറ്റിയാണ് ഇൻഡർഫർത്തും ജയന്തി നടരാജനും തമ്മിൽ ചർച്ച ചെയ്തിരുന്നത്.

വളരെ പ്രധാനപ്പെട്ട ഈ ചർച്ച രണ്ടു മാസം മുമ്പു മാത്രം മന്ത്രിയായ ജയന്തി നടരാജനെ ഏല്പിച്ചത് സി. എം. ഇബ്രാഹിമിനെ ഒന്ന് താഴ്ത്തി നിർത്താനാണ് എന്ന് സംശയിക്കപ്പെടുന്നു. ഗുജ്റാൾ ഗവണ്മെന്റ് അധികാരത്തിൽനിന്ന് പോകാൻ ആഗ്രഹിച്ചു കഴിയുന്ന മുൻ പ്രധാനമന്ത്രി ദേവഗൗഡയുമായുള്ള അകൽച്ചയും സി. എം. ഇബ്രാഹിമിനോടുള്ള അകൽച്ചക്ക് കാരണമാകും.

2000 കോടി രൂപയുടെ കണ്ണൂർ വിമാനത്താവള പദ്ധതിയും പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ പെട്ട ഒരു വിഷയമത്രെ. നടക്കാത്ത ഒരു കാര്യം എന്തിന് കൊട്ടിഘോഷിച്ചുനടക്കുന്നു എന്നാണ് സിവിൽ മന്ത്രാലയത്തിൽ നിന്നും കേംക്കുന്നത്.

പുറത്താക്കാൻ സാധ്യതയുള്ള മറ്റൊരാം ടി.പി.പി. യുടെ വേണുഗോപാലാചാരിയത്രെ—(കൃഷി സഹമന്ത്രി). പുതുതായി ചിലരെ മന്ത്രിസഭയിലേക്ക് കൊണ്ടുവരുമെന്ന് കേംക്കുന്നുണ്ട്. രാമകൃഷ്ണ ഹെഗ്ഡെ (ലോക്ശക്തി), വി. വി. രാഘവൻ (സി.പി.ഐ), ടി. ശാരദ (ടി. ഡി.പി.), ഡോ. ജഗന്നാഥ (ടി. ഡി.പി.), ഉബൈദുള്ള ആസ്വി (ജെ. ഡി.), വസിം അഹമ്മദ് (ജെ.ഡി) എന്നീ പേരുകം ഇവയിൽപെടുന്നു. രാമകൃഷ്ണ ഹെഗ്ഡെയെയും മനേകാ ഗാന്ധിയേയും (ജനതാദം),

(ശേഷം 8—ാം പേജ് 8—ാം കോളം)